# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5106 27/07/2015-ലെ മറുപടിക്ക്

## ഹയർ സെക്കന്ററി ഗണിതശാസ്ത്രം അദ്ധ്യാപക തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .റ്റി.വി.രാജേഷ് | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | 2015 ജൂലൈ മാസം വരെയുള്ള റിട്ടയർമെന്റ് ഉൾപ്പെടെ ഗവ:ഹയർ സെക്കന്ററി സ്കൂളുകളിൽ ഗണിതശാസ്ത്രം സീനിയർ തസ്തികയുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക റിപ്പോർട്ട് ചെയ്യുമെന്ന് അറിയിക്കുമോ ; | (എ) | 44 ഒഴിവുകൾ. ഇതിൽ 7 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഏതെല്ലാം രീതിയിലാണ് നികത്തപ്പെടുന്നത്; വ്യക്തമാക്കാമോ; | (ബി) | എച്ച്.എസ്.എ/ യു.പി.എസ്.എ/ എൽ.പി.എസ്.എ മാരുടെ തസ്തികമാറ്റനിയമനം, ജൂനിയർ അദ്ധ്യാപകരുടെ തസ്തികമാറ്റ നിയമനം എസ് സി/എസ് റ്റി ബാക്ക് ലോഗ് നിയമനം, LWA റീജോയിനിംഗ് എന്നിവ വഴിയാണ് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്ത വേക്കൻസികൾ നികത്തുന്നത്. |
| (സി) | 2015 ജൂലൈയിൽ ഗവ: ഹയർ സെക്കന്ററി സ്കൂളുകളിൽ ഗണിതശാസ്ത്രം ജൂനിയർ അദ്ധ്യാപകരിൽ എത്ര പേർക്ക് പ്രൊമോഷന് അർഹതയുണ്ട്; | (സി) | 8 |
| (ഡി) | 2011ന് ശേഷം ഗവ: ഹയർ സെക്കന്ററിയിൽ പുതുതായി അനുവദിച്ച ഗണിത ശാസ്ത്രം ഉൾപ്പെടുന്ന ബാച്ചുകളുടെ തസ്തിക നിർണ്ണയം എന്നത്തേക്ക് നടപ്പിലാക്കും; ഇതുപ്രകാരം എത്ര ഗണിതശാസ്ത്രം സീനിയർ ജൂനിയർ ഒഴിവുകൾ നിലവിൽ വരുമെന്നുള്ള വിശദാംശം നല്കുമോ? | (ഡി) | പുതുതായി അനുവദിച്ച ബാച്ചുകളിൽ തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് പൂർത്തിയാകുന്നതുവരെ ഗസ്റ്റ് അദ്ധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ